# കിരീടം വാഴ്‌വിന്റെ ക്രമം

(കാർമ്മികൻ കിരീടങ്ങൾക്ക് നേരെ തിരിഞ്ഞു താഴെ കാണുന്ന സ്ലോസ ചൊല്ലിക്കൊണ്ട് അവയെ റൂശ്മ ചെയ്ത് ഹന്നാൻ വെള്ളം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു.)

കാർമ്മി : ആകാശത്തെ നക്ഷത്രങ്ങളാലും ഭൂമിയെ പുഷ്പങ്ങളാലും കിരീടം അണിയിച്ച പിതാവായ ദൈവമേ, തിരുസഭയാകുന്ന മണവാട്ടിയെ ഗാഗുൽത്തായിൽ സ്ലീവായാകുന്ന മഹത്വത്തിന്റെ കിരീടത്താൽ അലങ്കരിച്ച പുത്രനായ ദൈവമേ, സെഹിയോൻ ഊട്ടുശാലയിൽ തീനാവുകളുടെ രൂപത്തിൽ ആഗതനായി മർത്ത് മറിയത്തെയും ശ്ളീഹന്മാരെയും കിരീടമണിയിച്ച പരിശുദ്ധ റൂഹായായ ദൈവമേ, സ്വർഗ്ഗീയ പ്രതീകമായ ഈ ഭൗമിക കിരീടങ്ങൾ ആശീർവദിക്കണമേ. നിന്റെ സമാധാനത്തിന്റെയും ശാന്തതയുടെയും രത്നങ്ങൾ ഈ കിരീടങ്ങളിൽ അലങ്കാരമായിത്തീർക്കണമേ. ഈ കിരീടങ്ങൾ അണിയുന്നവർ ദൈവപുത്രന്റെ ഉന്നത കിരീടത്തിന്റെ ശാശ്വതാവകാശികളായിത്തീരുകയും, ദൈവമക്കൾക്കനുയോജ്യമായ ജീവിതത്തിലൂടെ നിന്നെ മഹത്വപ്പെടുത്തുവാനിടയാക്കുകയും ചെയ്യട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, പരിശുദ്ധ റൂഹായാൽ നീ വധുവായി സ്വീകരിച്ച സഭക്ക് മഹത്വപൂർണമായ മണവറ നിർമ്മിച്ച മ്ശിഹായെ, നിന്റെ ആരാധകനായ ഈ മണവാളനെ പ്രഭയുടെ കിരീടം ധരിപ്പിക്കണമേ. ഇവന്റെ ശിരസ്സിൽ അണിയിക്കപ്പെടുന്ന ഈ കിരീടം ഇവന് നന്മക്കും ശോഭക്കും സൽപ്പേരിനും കാരണമായിത്തീരട്ടെ. അബ്രാഹത്തിന്റെയും ഇസാഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, നീതിയുടെ സൽപ്രവർത്തികളാൽ ജീവിതകാലം മുഴുവൻ നിന്നെപ്രസാദിപ്പിക്കുവാൻ ഇവനെ യോഗ്യനാക്കണമേ. നിന്റെ വചനങ്ങൾ ഇവന്റെ പാതയിൽ പ്രകാശവും വഴികാട്ടിയുമായിരിക്കട്ടെ.

ഇവനെയും മണവാട്ടിയെയും പരസ്പരസ്നേഹത്തിൽ ഉറപ്പിക്കുകയും അവർക്കുണ്ടാകുന്ന സന്താനങ്ങളെ വിശുദ്ധിയിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർത്തണമേ. ഇന്നുമുതൽ എന്നേക്കും ഇവൻ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം : ആമ്മേൻ

(സമൂഹം ഗീതം ആലപിക്കുന്ന സമയം കാർമ്മികൻ കിരീടം കൊണ്ട് വരന്റെ ശിരസിൽ ആംഗ്യത്തിൽ മൂന്നു പ്രാവശ്യം റുശ്മ ചെയ്ത് കിരീടം അണിയിക്കുന്നു.)

## ഗീതം
(രീതി: ബർ മറിയം)

കാർമ്മി : അവിടുന്ന് അവനെ മഹത്വവും പ്രഭയും അണിയിച്ചു (സങ്കീ: 8: : 5)

നാഥാ നീ നൽകി
മർത്യനു നിൻ സാദൃശ്യം
മാലാഖമാർക്കൊപ്പം
ഉന്നതിയവനേകി.

സമൂഹം : തൻ കരവേലകളിൻ മേൽ
അധികാരമവനരുളി
മഹിമ പ്രഭകൾ തൻ
മകുടവുമണിയിച്ചു

കാർമ്മി : ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, സകല സഹായങ്ങളും സൗഭാഗ്യങ്ങളും കൊണ്ട് നിന്റെ മണവാട്ടിയായ സഭയെ മുടിചൂടിച്ച സ്വർഗീയ മണവാളാ, നിന്റെ അനുഗ്രഹങ്ങളാൽ ഈ മണവാട്ടിയെ മകുടമണിയിക്കണമേ, മണവാളനെ എതിരേൽക്കാൻ വിളക്കുമേന്തിപുറപ്പെട്ട വിവേകമതികളായ കന്യകാരെപ്പോലെ ഇവളെയുമാക്കുകയും, നിന്റെ സുവിശേഷത്തിൽ നിന്റെ സ്നേഹിതർക്കായി വാഗ്ദാനം ചെയ്യപ്പെട്ട മഹനീയ ഭാഗ്യങ്ങൾക്കു യോഗ്യയാക്കുകയും ചെയ്യണമേ. കിരീടമണിയുന്ന ഈ മണവാട്ടിയെ ആന്തരികമായ അഴകാലും വിശുദ്ധിയുടെ പരിമളത്താലും പൂരിതയാക്കണമേ, ഇവളുടെ മണവാളനെയും ഇവൾ പ്രവേശിക്കുന്ന ഭവനത്തെയും ഇവളുടെ ബന്ധു മിത്രാദികളേയും സുഹൃത്തുക്കളെയും ആശീർവദിക്കണമേ. ഇന്ന് മുതൽ എന്നേക്കും ഇവൾ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകട്ടെ. സകലത്തിൻറെയുണ് നാഥാ എന്നേക്കും.
സമൂഹം : ആമ്മേൻ

(സമൂഹം ഗീതം ആലപിക്കുന്ന സമയം കാർമ്മികൻ കിരീടം കൊണ്ട് വധുവിന്റെ ശിരസിൽ ആംഗ്യത്തിൽ മൂന്നു പ്രാവശ്യം റുശ്മ ചെയ്ത് കിരീടം അണിയിക്കുന്നു.)

## ഗീതം
(രീതി: ബർ മറിയം)

കാർമ്മി : അവൻ സഭയുടെ ശിരസ്സാകുന്നു (കൊളോ 1 : 18)

നാഥൻ തൻമാറിൽ നിന്നും
നിണമേകി സ്ത്രീധനമായ്
നിജ വധുവായ് തിരുസ്സഭയെ
നലമോടെയലങ്കരിച്ചു.

സമൂഹം : സഭതൻ വരനാകും
സർവ്വേശ സുതൻ ചാർത്തും
സോജ്വലമാകും മകുടം
സാനന്ദം സാഘോഷം